## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2513  07/10/2016-ൽ മറുപടിയ്ക്ക്**

**ലൈസൻസില്ലാത്ത അറവുശാലകൾ അടച്ചുപൂട്ടാൻ നടപടി**

| ചോദ്യം<br>ശ്രീ.യു. ആർ. പ്രദീപ് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും ലൈസൻസില്ലാതെയും വൃത്തിഹീനമായും ആട്, പോത്ത്, കോഴി എന്നിവയെ അറുത്ത് ഇറച്ചി വില്പന നടത്തുന്നുണ്ട് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ലൈസൻസില്ലാതെയും വൃത്തിഹീനമായും പ്രവർത്തിക്കുന്ന അറവുശാലകൾ അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്ത് സർക്കാർ തലത്തിൽ രൂപീകരിച്ച സ്റ്റേറ്റ് കമ്മിറ്റി ഫോർ സ്ലോട്ടർഹൗസിന്റെ തീരുമാനമനുസരിച്ച് സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന അറവുകേന്ദ്രങ്ങൾ കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി കേസ് രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അനധികൃതമായി ഏതെങ്കിലും അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ അടിയന്തിരമായി നിർത്തലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**